**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1772**

**04.10.2016 - ൽ മറുപടിക്ക്**

# കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.ജോർജ് എം തോമസ് | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവയുടെ വാർഷിക വിറ്റുവരവ് ഉൾപ്പെടെയുള്ള പ്രവർത്തന വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിൽ കൺസ്യൂമർഫെഡിൻെറ ആഭിമുഖ്യത്തിൽ ഒരു മൊബൈൽ ത്രിവേണിയും, കൂടരഞ്ഞി, കോടഞ്ചേരി, മുണ്ടോട്ടുകുളങ്ങര, ചെറുവാടി എന്നീ ത്രിവേണികളും, കാരശ്ശേരിയിൽ ഒരു ഗോഡൗണും ഉൾപ്പെടെ ആറ് സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയുടെ 2015 സെപ്റ്റംബർ മുതൽ 2016 ആഗസ്റ്റ് വരെയുള്ള വിറ്റുവരവ് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| മൊബൈൽ ത്രിവേണി | Rs.11,04,837/- |
| കൂടരഞ്ഞി ത്രിവേണി | Rs.20,37,257/- |
| കോടഞ്ചേരി ത്രിവേണി | Rs.13,54,907/- |
| മുണ്ടോട്ടുകുളങ്ങര ത്രിവേണി | Rs.12,32,405/- |
| ചെറുവാടി ത്രിവേണി | Rs.6,75,730/- |

ടി 5 യൂണിറ്റുകളിലും അവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാണ്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഈ യൂണിറ്റുകളിലൂടെ വിൽപ്പന നടത്തി വരുന്നത്. കാരശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗോഡൗൺ ഫെഡറേഷൻെറ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ സ്റ്റോക്ക് സംഭരിയ്ക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഉപയോഗിക്കുന്നു. ഫെഡറേഷൻ വിഭാവനം ചെയ്തിരിയ്ക്കുന്ന പുതിയ പദ്ധതികളിലൂടെ മേൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാൻ സാധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഇവയിൽ അടച്ചു പൂട്ടാൻ തീരുമാനിച്ച സ്ഥാപനങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ മുണ്ടോട്ടുകുളങ്ങര ത്രിവേണി യൂണിറ്റ് അടച്ച് പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്. മുണ്ടോട്ടുകുളങ്ങര ത്രിവേണി യൂണിറ്റ് പ്രവർത്തിക്കുന്നത് വാടക രഹിതമായി പഞ്ചായത്ത് അനുവദിച്ച സ്ഥലത്താണ്. രണ്ട് വർഷത്തേയ്ക്കാണ് വാടക രഹിതമായി കെട്ടിടം അനുവദിച്ചിരുന്നത്. കാലാവധി പൂർത്തിയായതിന് ശേഷം വാടക കുടിശ്ശിക ആവശ്യപ്പെട്ട് പഞ്ചായത്ത് കേസ് നൽകിയിരിക്കുകയാണ്. കേസ് കോഴിക്കോട് മുൻസിഫ് കോടതിയുടെ പരിഗണനയിലായതിനാൽ, തുടർന്ന് എഗ്രിമെന്റ് പുതുക്കാൻ കഴിയാത്ത സാഹചര്യമായതിനാലാണ് അടച്ചു പൂട്ടുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കൺസ്യൂമർഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും അതുവഴി വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനും, നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെൻഡർ സംവിധാനം ഫലപ്രദമാക്കിയും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, എന്നിവടങ്ങളിൽ നിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, ഗോഡൗണുകളുടെ ശൃംഖല രൂപവൽക്കരിച്ചും, ത്രിവേണി സ്റ്റോറുകളെ കേന്ദ്രീകരിച്ച് 'ഇ കോമേഴ്സ്' പദ്ധതി രൂപവൽക്കരിച്ചും, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് & വെജിറ്റബിൾ കൗൺസിൽ എന്നിവരുമായി ഒത്തു ചേർന്ന് പ്രവർത്തിച്ചും, സ്കൂൾ തുറക്കുന്ന കാലയളവിൽ ത്രിവേണി നോട്ടുബുക്കുകൾ മുതൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ വിധ പഠന സാമഗ്രികളും ലഭ്യമാക്കിയും, സ്കൂൾ മാർക്കറ്റുകൾ വലിയ തോതിൽ സംഘടിപ്പിച്ചും, കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ